**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വികസന അതോറിറ്റികളിൽ നിന്നും അനുവദിച്ച വായ്പകളിൻമേൽ ഇളവുകൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം. 3372/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 05/12/2012.**

പരാമർശം:-
1. 14/06/12 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 165/2012/തസ്വഭവ
2. 09/08/12 ലെ സ.ഉ. (സാധാ) നം. 2192/12/തസ്വഭവ
3. 08/10/12 ലെ സ.ഉ. (സാധാ) നം. 2809/12/തസ്വഭവ
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20/10/12 ലെ ആർ 2/2147/2012/ട്രിഡ നം. കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വികസന അതോറിറ്റികളിൽ നിന്നും അനുവദിച്ച വായ്പകളിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുകയും ആയതിന് പരാമർശം (2), (3) എന്നിവയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സ്പഷ്ടീകരണം നൽകിയും ഉത്തരവായിരുന്നു.

ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ ഇളവ് അനുവദിയ്ക്കേണ്ട കാലാവധിയെ സംബന്ധിച്ചു വ്യക്തമല്ലാത്തതിനാൽ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള ആനുകൂല്യം നിലവിലുള്ളതും നിർത്തലാക്കപ്പെട്ടതുമായ വികസന അതോറിറ്റികളിൽ (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ലയിപ്പിച്ചവ ഉൾപ്പെടെ) നിന്ന് താഴ്ന്ന വരുമാനക്കാർക്കായുള്ള എൽ.ഐ.ജി. സ്കീം പ്രകാരം 14/06/12 വരെ വായ്പയെടുത്തവർക്കാണെന്നും പ്രസ്തുത വായ്പകളിൽ 31/05/12 വരെയുള്ള പിഴപലിശ ഒഴിവാക്കുന്നതാണെന്നും 14/06/12 വരെ എടുത്ത വായ്പകളിൽ വായ്പയെടുത്തയാൾ മരണപ്പെട്ടാൽ പ്രസ്തുത വായ്പയിലെ ഒരു ലക്ഷം രൂപ വരെ എഴുതി തള്ളുമെന്നും വായ്പ കുടിശ്ശിക തിരിച്ചടവിൽ ഇളവുകൾ അനുവദിച്ച് 2012 ഡിസംബർ 31 വരെ കുടിശ്ശിക നിവാരണ പരിപാടിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്നും സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**റ്റി. ജെ. മാത്യു**
**സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
കമ്മീഷണർ, ഗ്രാമവികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം.

ജില്ലാകളക്ടർ (..............................)
മേയർ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) കോർപ്പറേഷനുകൾ
ചെയർമാൻ/ചെയർപേഴ്സൺ, എല്ലാ നഗരസഭകളും
(നഗരകാര്യവകുപ്പ് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കൊല്ലം, തൃശൂർ, കോഴിക്കോട്
കോർപ്പറേഷനുകൾ (വികസന വിഭാഗം)
സെക്രട്ടറി, എല്ലാ ജില്ലാ പഞ്ചായത്തുകളും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്
മുനിസിപ്പൽ സെക്രട്ടറി, എല്ലാ നഗരസഭകളും
(നഗരകാര്യവകുപ്പ് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, എല്ലാ പഞ്ചായത്തുകളും (പഞ്ചായത്ത് ഡയറക്ടറേറ്റ് മുഖാന്തിരം)
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, എറണാകുളം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കെ. യു. ആർ. ഡി. എഫ്. സി, തിരുവനന്തപുരം.
ധനകാര്യവകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ